രാമവമ്മതമ്പുരാൻ.—ഉള്ളതായി കാണുന്നില്ല.

Trouble from Apes.

188. മിസ്റ്റർ. ടി. കെ. നായർ.—(എ) തിരുവിലാമല യിലും സമീപമുള്ള മറവ വില്ലേജുകളിലും കുരങ്ങന്മാരുടെ ഉപദ്ര വം ധാരാളമുള്ളതുകൊണ്ടു അവയുടെ ഉപദ്രവം നിർത്തിതരേണ മെന്നു ഗവമ്മേണ്ടിനോടു തദ്ദേശവാസികൾ അപേക്ഷിച്ചിട്ടു ണ്ടൊ;

(ഏ) ഉണ്ടുവെങ്കിൽ ഈ ഉപദ്രവം നിർത്തുവാൻ എന്താ ണു് ചെയ്തതു

രാമവമ്മതമ്പുരാൻ.—(എ) ഉവ്വു്.

(ഏ) കുരങ്ങന്മാരെ ജീവനോടെ പിടിച്ചു അകലം ദിക്കിൽ കാട്ടിൽ കൊണ്ടുപോയി വിടുകയാണു് ചെയ്തതു്.

മിസ്റ്റർ ടി. കെ. നായർ.—കുരങ്ങന്മാരുടെ ഉപദ്രവമുണ്ടെന്നു ഗവമ്മെണ്ടു സമ്മതിക്കുന്നു. അതിനു വല്ല നിവാരണവും ഇതേവ രെ ചെയ്തുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ—പ്രത്യേകമായി ഒരു നിവാരണവും ചെ യ്തുകൊടുത്തിട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ ഉപദ്രവം അവിടെ തുടങ്ങിയി ട്ടു സുമാർ എത്രകൊല്ലമായെന്നു അറിയാമൊ?

രാമവമ്മതമ്പുരാൻ.—സുമാർ നാലു കൊല്ലം, പകുതിച്ചിലവു നാട്ടുകാരും പകുതി ഗവമ്മെണ്ടു വഹിക്കണമെന്നാണു ക്രമം. നാ ട്ടുകാർ അതിനു ഒരുക്കമില്ലാത്തതുകൊണ്ടു ഗവമ്മെണ്ടു ഒന്നും ചെ യ്യാൻ ഒരുക്കമില്ല.

മിസ്റ്റർ ടി. കെ. നായർ.—എത്ര സംഖ്യ ചിലവു വരുമെന്നാ ണു പറയുന്നതു?

രാമവമ്മതമ്പുരാൻ.—ഇതേവരെ അതു കൃത്യപ്പെടുത്തിയി ട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—നാട്ടുകാർ തയാറില്ലെന്നു ഗവമ്മെ ണ്ടു് എങ്ങിനെയാണു് അറിഞ്ഞതു്.

രാമവമ്മതമ്പുരാൻ.—പഞ്ചായത്തു സുപ്രഡെണ്ടു് ആപ്പീസു് വഴി.

Water scarcity—Kaniyarkkode.

189. മിസ്റ്റർ. ടി. കെ. നായർ.—(എ) കണിയാർക്കോടു വി ല്ലേജിൽ എരവത്തോടിയിൽ സുമാർ ൨൦൦ വീടുകളിൽ താമ സിക്കുന്നവക്കു കുടിക്കുവാൻ വെള്ളത്തിനു കിണറൊ, കുളിക്കുവാൻ കുളമൊ, സർക്കാരിൽനിന്നും ഏർപ്പാടു ചെയ്തുകൊടുത്തിട്ടുണ്ടൊ;

(ഏ) ഇവർ വളരെ ദരിദ്രന്മാരാണെന്നും ഗവമ്മെണ്ടിൽനി ന്നും സഹായിച്ചില്ലാതെ സ്വന്തമായി ചിലവുചെയ്തു നിവർത്തിക്കു വാൻ തരമില്ലാത്തവരാണെന്നും ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടൊ

LIBRARY ARCHIVES Kerala Legislative Assembly